

മുദാക്കൽ ഗ്രാമപഞ്ചായത്ത്

പൗരാവകാശരേഖ
2026

ഉള്ളടക്കം

1. പൊതുവിവരം
2. ഭൂപ്രകൃതി – പരിസ്ഥിതി സവിശേഷതകൾ
3 മുൻ ഭരണസമിതി അംഗങ്ങൾ
4. മുദാക്കൽ പഞ്ചായത്ത് ഭരണസമിതി അംഗങ്ങൾ
5. മുദാക്കൽ പഞ്ചായത്ത് ഓഫീസ് ഉദ്യോഗസ്ഥ സംവിധാനം
6 ഗ്രാമപഞ്ചായത്തിന് കൈമാറിക്കിട്ടിയ സ്ഥാപനങ്ങളും ഉദ്യോഗസ്ഥരും
7. ഗ്രാമപഞ്ചായത്ത് സംഘടനാ സംവിധാനം
8. വിവരാവകാശ നിയമം – 2005
9. ഗ്രാമപഞ്ചായത്ത്
10 ഗ്രാമപഞ്ചായത്തുകളുടെ ചുമതലകൾ
11 ജൈവവൈവിധ്യ രജിസ്റ്റർ
12 ഫ്രണ്ട് ഓഫീസ്
13 മുദാക്കൽ പഞ്ചായത്തിലെ കോളനികൾ
14 ജാഗ്രതാസമിതി
15 ഗ്രാമപഞ്ചായത്തുകളിൽ നിന്ന് ലഭിക്കുന്ന സേവനങ്ങൾ സംബന്ധിച്ച് വിവരങ്ങൾ
16 പൗരൻമാർക്ക് സമയബന്ധിതമായി ലഭിക്കുന്ന സേവനങ്ങൾ
17 മുദാക്കൽ പഞ്ചായത്ത് – വില്ലേജ് എക്സ്റ്റൻഷൻ ഓഫീസ്
18 മുദാക്കൽ പഞ്ചായത്ത് – കൃഷിഭവൻ, മുദാക്കൽ
19 മുദാക്കൽ പഞ്ചായത്ത് – പ്രാഥമികാരോഗ്യകേന്ദ്രം, മുദാക്കൽ
20 മുദാക്കൽ പഞ്ചായത്ത് – ആയുർവേദ ഡിസ്പെൻസറി, പൊയ്കമുക്ക്
21 അംഗൻവാടികൾ
22 മുദാക്കൽ ഗ്രാമപഞ്ചായത്ത് എഞ്ചിനീയറിംഗ് വിംഗ്
23 ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് നൽകുന്ന സർട്ടിഫിക്കറ്റുകൾ
24 ഗ്രാമസഭ
25 ഗ്രാമസഭയുടെ പ്രധാന ചുമതലകൾ
26 ഗ്രാമസഭയുടെ പ്രധാന ഉത്തരവാദിത്വങ്ങൾ
27 പഞ്ചായത്തിന്റെ നികുതി നിർണ്ണയം
28 പൗരന്റെ ചുമതലകളും കടമകളും
29 വിവരാവകാശ ആക്ട് 2005 പ്രകാരം വിവരത്തിനായി സമർപ്പിക്കേണ്ട അപേക്ഷ
30 അപ്പലേറ്റ് ട്രൈബൂണൽ മുമ്പാകെ അപ്പീൽ/റിവിഷൻ സമർപ്പിക്കുന്നതിനുള്ള ഫോറം
31 ഓംബുഡ്സ്മാൻ മുമ്പാകെ പരാതി സമർപ്പിക്കുന്നതിനുള്ള ഫോറം
32 മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി
33 ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമം
34 ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി
35 കുടുംബശ്രീ
36 ബഡ്സ്സ്കൂൾ
37 ജാഗ്രതാസമിതി
38 പെർമിറ്റ് ആവശ്യമില്ലാത്ത ജോലികൾ
39 സേവനാവകാശ നിയമം ബാധകമാക്കിയ സേവനങ്ങളുടെ പട്ടിക
40 കെട്ടിടനിർമ്മാണം നടത്താവുന്നഭൂമി/അനുമതി ആവശ്യമായ ഭൂമി സംഭന്ധിച്ചിട്ടുള്ള വിവരങ്ങൾ പ്രബല്യത്തിലുള്ള നിയമ സംഹിതകൾ സഹിതം
41 ഗ്രാമപഞ്ചായത്തുകൾ ഇന്റലിജന്റ് ഇ ഗവേർണൻസ് സംവിധാനത്തിലേക്ക്

മുദാക്കൽ ഗ്രാമപഞ്ചായത്ത്
ഇളമ്പ പി.ഒ, അവനവഞ്ചേരി
ഫോൺ : 0470 2639035



ഷൈനി . വി
(പ്രസിഡന്റ് മുദാക്കൽ ഗ്രാമപഞ്ചായത്ത്
ഫോൺ : 8606922712)

ബഹുമാന്യരേ,

ജനങ്ങളുമായി ഏറ്റവും അടുത്ത് നിൽക്കുന്നതും അവരുടെ പ്രശ്നങ്ങളും, ആവലാതികളും കൂടുതൽ നേരിട്ട് മനസ്സിലാക്കുവാനും കഴിയുന്നത് പ്രാദേശിക ഭരണസംവിധാനത്തിലൂടെയാണ്. വികേന്ദ്രീകൃത ജനാധിപത്യഭരണസംവിധാനത്തിന്റെ സവിശേഷഘടകങ്ങളിൽ ഒന്നാണ് പൗരാവകാശരേഖയും അതിന്റെ നിർവഹണവും. തദ്ദേശഭരണവികസന പ്രവർത്തനങ്ങൾ, അതിനുവേണ്ടിയുള്ള സ്ഥാപനങ്ങൾ, അവയിലൂടെ ലഭ്യമാകുന്ന സേവനങ്ങളെ സംബന്ധിച്ച ഈ രേഖ പഞ്ചായത്തിലെ ഓരോ പൗരനും ഒരു മുതൽക്കൂട്ടായിരിക്കും.

മുദാക്കൽ ഗ്രാമപഞ്ചായത്തിൽ നിന്നും, ഗ്രാമപഞ്ചായത്തിലെ ഘടകസ്ഥാപനങ്ങളിൽ നിന്നും ജനങ്ങൾക്ക് ലഭിക്കുന്ന സേവനങ്ങളെകുറിച്ച് വിവരിക്കുന്ന ഒരു രേഖയാണിത്. ജനങ്ങളുടെ അറിയാനുള്ള അവകാശം കൂടുതൽ ശക്തമാക്കാനും ഫലപ്രദമാക്കാനും ഇതിലൂടെ സാധിക്കുമെന്ന് പ്രത്യാശിക്കുന്നു. ടോട്ടൽ കാളിറ്റി മാനേജ്മെന്റിലൂടെ ഗ്രാമപഞ്ചായത്തിനെയും, ഘടകസ്ഥാപനങ്ങളായ ചെമ്പൂര് എൽ.പി.സ്കൂൾ, വാളക്കാട് എൽ.പി.സ്കൂൾ, ഇളമ്പ എൽ.പി.സ്കൂൾ, ഇടയ്ക്കോട് എൽ.പി.സ്കൂൾ, മുദാക്കൽ കൃഷിഭവൻ, അയിലം ഹോമിയോ ഡിസ്പെൻസറി, പൊയ്കമുക്ക് ആയുർവേദ ഡിസ്പെൻസറി, ഊരുപ്പൊയ്ക വെറ്ററിനറി ഡിസ്പെൻസറി എന്നിവരെയും ഐ.എസ്.ഒ. നിലവാരത്തിലേക്ക് ഉയർത്തുവാനും അത് നിലനിർത്താനും സാധിച്ചിട്ടുണ്ട്. മുദാക്കൽ ഗ്രാമപഞ്ചായത്തിൽ ILGMSലൂടെ ജനങ്ങൾക്ക് സേവനങ്ങൾ ലഭ്യമാകുന്നതാണ്. ഈ രേഖയിൽ പറയുന്ന സേവനങ്ങൾ യഥാസമയം ലഭ്യമാകുന്നില്ലെങ്കിൽ ഓഫീസ് മേധാവിയോട് കാരണം തിരക്കാവുന്നതും മറുപടി തൃപ്തികരമല്ലെങ്കിൽ പഞ്ചായത്ത് പ്രസിഡന്റിന്റെ ശ്രദ്ധയിൽപ്പെടുത്തി പരിഹാരം നേടാവുന്നതുമാണ്. പൗരാവകാശരേഖ രൂപപ്പെടുത്തുവാനും പ്രായോഗികമാക്കുന്നതിനും ശ്രദ്ധേയമായ പങ്ക് വഹിച്ച എല്ലാപേർക്കും പ്രത്യേകം നന്ദിപ്രകടിപ്പിച്ചുകൊണ്ട് പൗരാവകാശരേഖ ജനങ്ങൾക്കായി സമർപ്പിക്കുന്നു.

സ്നേഹപൂർവ്വം,

ഷൈനി . വി
(ഒപ്പ്)
പഞ്ചായത്ത് പ്രസിഡന്റ്

മുദാക്കൽ ഗ്രാമപഞ്ചായത്ത്
ഇളമ്പ പി.ഒ, അവനവഞ്ചേരി
ഫോൺ : 0470 2639035



ചന്ദ്രബാബു എസ് എസ്
(സെക്രട്ടറി, മുദാക്കൽ ഗ്രാമപഞ്ചായത്ത്
ഫോൺ : 0470-2639035,)

ബഹുമാനപ്പെട്ട മുദാക്കൽ ഗ്രാമപഞ്ചായത്ത് പ്രദേശവാസികളേ,

വികേന്ദ്രീകൃത ജനാധിപത്യ ഭരണസംവിധാനത്തിന്റെ ഭാഗമായി രൂപീകരിക്കപ്പെട്ട ത്രിതല പഞ്ചായത്തുകളിൽ ജനങ്ങളുമായി, അവരുടെ ജീവിതവുമായി ഏറ്റവും അടുത്ത് നിൽക്കുന്ന തദ്ദേശസ്വയംഭരണ സ്ഥാപനമാണ് ഗ്രാമപഞ്ചായത്തുകൾ. ഒരു വ്യക്തിയുടെ ജീവിതത്തിലെ പ്രധാനപ്പെട്ട എല്ലാ മുഹൂർത്തങ്ങൾക്കും ഗ്രാമപഞ്ചായത്ത് സാക്ഷ്യം വഹിക്കുന്നു എന്ന് ചിന്തിച്ചാൽ ആയതിൽ അതിശയോക്തിയൊന്നും തന്നെ ഇല്ലെന്ന് പറയാം. 2004 ലെ കേരള പഞ്ചായത്ത് രാജ് (പൗരാവകാശരേഖ തയ്യാറാക്കൽ) ചട്ടങ്ങളിൽ പ്രതിപാദിക്കുന്ന പ്രകാരം പൗരാവകാശരേഖ എന്നാൽ പഞ്ചായത്ത് പ്രദേശത്ത് താമസിക്കുന്ന പൗരൻമാർക്ക് പഞ്ചായത്ത് സ്വമേധയാ വാഗ്ദാനം ചെയ്യുന്നതും അതനുസരിച്ച് അവർക്ക് ലഭ്യമാകുന്ന സമയപരിധിയും വിവരിച്ചുകൊണ്ട് പഞ്ചായത്ത് അംഗീകരിച്ച് പ്രസിദ്ധപ്പെടുത്തുന്ന ഒരു പത്രികയാണ്.

മുദാക്കൽ ഗ്രാമപഞ്ചായത്തും അതിന്റെ ഘടകസ്ഥാപനങ്ങളും ദിവസേന നൂറുകണക്കിന് സേവനങ്ങൾ പൊതുജനങ്ങൾക്കായി നൽകുന്നുണ്ട്. അത്തരം സേവനങ്ങൾ പൊതുജനങ്ങൾക്കായി നൽകുന്നുണ്ട്. അത്തരം സേവനങ്ങൾ എന്തൊക്കെയാണെന്നും ആയതിന്റെ സമയക്രമം എങ്ങനെയാണെന്നും പഞ്ചായത്തിന്റെ പൗരൻമാരെ ബോധവാൻമാരാക്കുക എന്ന ലക്ഷ്യത്തോടെയാണ് പൗരാവകാശരേഖ പ്രസിദ്ധപ്പെടുത്തിയിട്ടുള്ളത്. നിലവിൽ സേവനാവകാശ നിയമപ്രകാരമുള്ള സമയക്രമം പാലിച്ചും ഒരുപക്ഷേ അതിന് വളരെ മുമ്പോ തന്നെയും ഗ്രാമപഞ്ചായത്തിലെയും ഘടകസ്ഥാപനങ്ങളിലേക്കും കർമ്മോത്സുകരായ ജീവനക്കാർ പൊതുജനങ്ങൾക്ക് സേവനം നൽകുന്നതിൽ ജാഗരൂഗരാണ് എന്നത് ഞങ്ങളെ സംബന്ധിച്ചിടത്തോളം തികച്ചും അഭിമാനാർഹമായ വസ്തുതയാണ്. മുദാക്കൽ ഗ്രാമപഞ്ചായത്ത് നിവാസികൾക്ക് സേവനാവകാശങ്ങളെകുറിച്ച് ബോധവാനാക്കുന്നതിന് പൗരാവകാശരേഖ ഒരു സഹായഹസ്തമാകട്ടെ എന്ന പ്രത്യാശയോടെ ഈ പൗരാവകാശയോടെ ഈ പൗരാവകാശരേഖ സമർപ്പിക്കുന്നു.

സ്നേഹപൂർവ്വം,

ചന്ദ്രബാബു എസ് എസ്
(ഒപ്പ്)
സെക്രട്ടറി,
മുദാക്കൽ പഞ്ചായത്ത്

പൊതുവിവരം

ഗ്രാമപഞ്ചായത്തിന്റെ പേര്	:	മുദാക്കൽ
ഉൾപ്പെടുന്ന വില്ലേജുകൾ	:	ഇളമ്പ, മുദാക്കൽ, ഇടയ്ക്കോട്, അവനവഞ്ചേരി (ഭാഗികം)
ബ്ലോക്ക് പഞ്ചായത്ത്	:	ചിറയിൻകീഴ്
ബ്ലോക്ക് പഞ്ചായത്ത് ഡിവിഷൻ	:	മുദാക്കൽ, വാളക്കാട്, ഇടയ്ക്കോട്
ജില്ലാ പഞ്ചായത്ത് ഡിവിഷൻ	:	മുദാക്കൽ, കിഴുവിലം
അസംബ്ലി മണ്ഡലം	:	ചിറയിൻകീഴ്
പാർലമെന്റ് മണ്ഡലം	:	ആറ്റിങ്ങൽ
വിസ്തീർണ്ണം	:	27.46 ച.കി.മീ

അതിരുകൾ

വടക്ക്	:	വാമനപുരം നദി
കിഴക്ക്	:	വാമനപുരം, നെല്ലനാട് മാണിക്കൽ പഞ്ചായത്തുകൾ
തെക്ക്	:	പോത്തൻകോട്, മംഗലപുരം പഞ്ചായാത്തുകൾ
പടിഞ്ഞാറ്	:	കിഴുവിലം പഞ്ചായത്ത് ആറ്റിങ്ങൽ മുനിസിപ്പാലിറ്റി
ജനസംഖ്യ	:	43104
പുരുഷൻമാർ	:	21464
സ്ത്രീകൾ	:	21640
വാർഡുകൾ	:	22
വീടുകൾ	:	10880
പഞ്ചായത്ത് രൂപീകരണം	:	15.08.1953

ഭൂപ്രകൃതി – പരിസ്ഥിത സവിശേഷതകൾ

തിരുവനന്തപുരം ജില്ലയിൽ ചിറയിൻകീഴ് താലൂക്കിൽ ചിറയിൻകീഴ് ബ്ലോക്കിൽ ആറ്റിങ്ങൽ പട്ടണത്തിനും വെഞ്ഞാറമൂട്ടിനും മദ്ധ്യേ, വാമനപുരം, മാമം എന്നീ നദികളാൽ ചുറ്റപ്പെട്ട് ഒരു ദ്വീപിന് സമാനമായി സ്ഥിതിചെയ്യുന്ന ഗ്രാമപ്രദേശമാണ് മുദാക്കൽ ഗ്രാമപഞ്ചായത്ത്. ഈ പഞ്ചായത്തിൽ മുദാക്കൽ, ഇളമ്പ, ഇടയ്ക്കോട് എന്നീ വില്ലേജുകളും, അവനവഞ്ചേരി വില്ലേജ് ഭാഗീകമായും ഉൾപ്പെടുന്നു. 1953-ൽ രൂപീകൃതമായ പഞ്ചായത്തിന്റെ ആകെ വിസ്തീർണ്ണം 27.46 ചതുരശ്ര കിലോ മീറ്ററാണ്. സമതലങ്ങളും കുന്നിൻപ്രദേശങ്ങളും ചതുപ്പു പ്രദേശങ്ങളും താഴ്വരകളും നെൽപ്പാടങ്ങളും കൊണ്ട് ഗ്രാമഭംഗി നിറഞ്ഞു നിൽക്കുന്ന ഫലഭൂയിഷ്ഠമായ ഭൂവിഭാഗമാണ്.

പഞ്ചായത്തിന്റെ വിവിധ വാർഡുകളിലായി മനോഹരമായ കുന്നുകൾ തലയുർത്തി നിൽക്കുന്നു. കുന്നുകളിൽ ഏറ്റവും ഉയരം കൂടിയത് അയിലം വാർഡിൽ സ്ഥിതി ചെയ്യുന്ന 'ഉയർന്നമല'യാണ്. അയിലം, പാറയടി, പള്ളിയറ, ചെമ്പൂര്, പാണ്ടവൻമല, കോളൂർ എന്നീ വാർഡുകളിലാണ് കുന്നുകൾ കൂടുതലായിട്ടുള്ളത്. ഇതിൽ കുത്തനെയുള്ള ചരിവുകളാണ് കൂടുതലായിട്ടുള്ളത്. പഞ്ചായത്തിന്റെ മൊത്തം വിസ്തീർണ്ണത്തിന്റെ 38%വും ചരിവ് പ്രദേശങ്ങളാണ്. ഇതിൽ കുത്തനെയുള്ള ചരിവുകളാണ് കൂടുതലായിട്ടുള്ളത്. അയിലം, പാണ്ടവൻമല, പള്ളിയറ, അവനവഞ്ചേരി, ചെമ്പൂര് എന്നീ വാർഡുകളിലാണ് ഇത്തരം പ്രദേശങ്ങൾ ഉള്ളത്. ഇവിടെ മിതമായ തോതിൽ ജലലഭ്യത ഉണ്ടെങ്കിലും വേനൽകാലത്ത് കടുത്ത ജലക്ഷാമം അനുഭവപ്പെടുന്നു.

ചരിവ് പ്രദേശത്തിനോട് ചേർന്നാണ് താഴ്വരകൾ സ്ഥിതിചെയ്യുന്നത്. പഞ്ചായത്തിലെ എല്ലാ വയലുകളും ഈ ഭൂവിഭാഗത്തിൽ ഉൾപ്പെടുന്നു. ഈ പ്രദേശത്തുകൂടി ഒഴുകുന്ന ചെറുതും വലുതുമായ തോടുകളിൽ ചിലവ് വടക്കോട്ടൊഴുകി വാമനപുരം നദിയിലും മറ്റുള്ളവ തെക്കും പടിഞ്ഞാറുമായി ഒഴുകി മാമം ആറ്റിലും ചെന്നുപതിക്കുന്നു.

പൊതുവേ ജനവാസം കൂടുതലുള്ള ഭൂവിഭാഗമാണ് സമതലങ്ങൾ. ഇതിൽ വാളക്കോട്, മുദാക്കൽ, കോരാണി, ഊരുപ്പൊയ്ക പ്രദേശങ്ങൾ ഉൾപ്പെടുന്നു. ഗതാഗത സൗകര്യത്തിലും മറ്റും മുന്നിട്ട് നിൽക്കുന്ന ഈ പ്രദേശം പഞ്ചായത്തിന്റെ മൊത്തം വിസ്തൃതിയുടെ 24% വരുന്നു. വേനൽക്കാലത്തും ജലം സുലഭമായ ചതുപ്പ് പ്രദേശങ്ങൾ പഞ്ചായത്തിൽ വളരെ കുറവാണ്. ഈ പ്രദേശങ്ങളിൽ വയലുകളിൽ വർഷത്തിൽ ഒരു തവണ നെൽകൃഷി നടത്തിവരുന്നു.

ജൂൺ-ആഗസ്റ്റ് മാസങ്ങളിൽ ഇടവപ്പാതിയും ഒക്ടോബർ – നവംബർ മാസങ്ങളിൽ ശക്തമായ തുലാവർഷവും നമുക്ക് ലഭിക്കുന്നുണ്ട്. ഡിസംബർ – ജനുവരി മാസത്തിൽ തണുത്ത കാലാവസ്ഥയും ഫെബ്രുവരി – മെയ് മാസങ്ങളിൽ വേനൽക്കാലവും അനുഭവപ്പെടുന്നു.

വാമനപുരം നദിയുടെയും മാമം ആറിന്റെയും കൈവഴികളിലൂടെയും ഇടയ്ക്കോട്, അയിലം മുദാക്കൽ എന്നിവിടങ്ങളിലെ നെൽപ്പാടങ്ങളുടെ പച്ചപ്പ് കൊണ്ടും മനോഹരമായി തീർന്ന ഒരു ഭൂപ്രദേശമാണ് നമ്മുടെ പഞ്ചായത്ത്. ഇടയ്ക്കോട്, ഏലാത്തോട്, മണ്ണാറുകോണം - ചെങ്കോട്ടുകോണംതോട്, പാറയടി ചിറ - പള്ളിയറതോട്, ചിറ ചെമ്പൂര് - പരുത്തൂര്തോട്, ഓണിവാരം, കട്ടിയാട് തോട്, അമ്പലത്തുവിളതോട്, പാലോട് തോട് എന്നിവയാണ് പ്രധാന തോടുകൾ. വാർഡിനകത്ത് വരുന്ന ചില തോടുകൾ, വീടുകളിലെ കിണറുകൾ, കൂടാതെ പൊതുപ്രദേശങ്ങളിൽ കുഴിച്ചിട്ടുള്ള കിണറുകൾ, കുളങ്ങൾ എന്നിവയാണ് പഞ്ചായത്തിന്റെ തനത് ജലവിഭവസമ്പത്ത്. ചെമ്മണ്ണ്, വെട്ടുകൽമണ്ണ്, ചരൽമണ്ണ്, പരിമരാശിമണ്ണ്, മണ്ണും ചരലും ചേർന്ന മണ്ണ്, കരമണ്ണ്, പാറമണ്ണ് എന്നിവയാണ് നമ്മുടെ പഞ്ചായത്തിൽ ലഭ്യമായ പ്രധാനമണ്ണിനങ്ങൾ.

നമ്മുടെ പഞ്ചായത്തിൽ നാണ്യവിളയിൽ ഒന്നാം സ്ഥാനം റബ്ബർ കൃഷിക്കാണ്. അതുകൊണ്ടുതന്നെയാണ് റബ്ബർകൃഷി വ്യവസായ മേഖലയിൽ ഒന്നാമതായി മാറിയത്. നെല്ല്, കുരുമുളക്, തെങ്ങ്, പച്ചക്കറികൾ, വാഴ, കശുമാവ്, വെറ്റില എന്നിവ വാണിജ്യാടിസ്ഥാനത്തിൽ കൃഷി ചെയ്യുന്നതിന് അനുകൂലമാണ് ഇവിടെത്തെ ഭൂപ്രകൃതി.

ജലവിഭവങ്ങളാൽ അനുഗ്രഹീതമാണ് നമ്മുടെ പഞ്ചായത്തെങ്കിലും മഴക്കാലത്ത് പോലും പറണ്ടമല, ഉയർന്നമല, ആര്യൻകുന്ന് ഭാഗങ്ങളിൽ ജലക്ഷാമം രൂക്ഷമാണ്. മഴയൊന്നു മാറിയാൽ പഞ്ചായത്തിന്റെ സിംഹഭാഗവും രൂക്ഷമായ ശുദ്ധജലക്ഷാമം നേരിടുന്നു.

മുദാക്കൽ പഞ്ചായത്തിലെ 175 ഹെക്ടർ വിസ്തൃതിയിൽ വ്യാപിച്ചുകിടക്കുന്ന കൈപ്പറ്റിമുക്ക് പ്രദേശം കുന്നുകൾ, കുന്നിൻചെരിവുകൾ, താഴ്വരകളിലെ എക്കൽമണ്ണ്, വെട്ടുകൽ മണ്ണ് എന്നിവയാൽ അനുഗ്രഹീതമാണ്. ജലസേചനസൗകര്യം വർദ്ധിപ്പിച്ചും കൃഷിക്ക് പ്രോത്സാഹനം നൽകിയാലും ഈ പ്രദേശത്തെ ഫലഭൂയിഷ്ഠത പരമാവധി ചൂഷണം ചെയ്യാവുന്നതാണ്.

നമ്മുടെ പഞ്ചായത്തിന്റെ 546 ഹെക്ടർ ഭൂമേഖല ഉൾക്കൊള്ളുന്ന ഇളമ്പ പ്രദേശത്തിന്റെ കുന്നുകളിൽ വെട്ടുകൽ മണ്ണും താഴ്വരകളിൽ എക്കൽമണ്ണും കാണപ്പെടുന്നു. ആയിരവല്ലി പ്രദേശത്ത് പാറഖനനം നടത്തുന്നു. ജലസേചനസൗകര്യങ്ങളുടെ അപര്യാപ്തത, ഉയർന്ന പ്രദേശത്തെ കുടിവെള്ളക്ഷാമം വിപണനത്തിന് സ്ഥിരമായ സംവിധാനം ഇല്ലായ്മ എന്നിവയാണ് ഈ ഭൂമേഖലയെ അവികസിതമായി തീർത്തിരിക്കുന്നത്.

186 ഹെക്ടർ വ്യാപിച്ചു കിടക്കുന്ന ഇടയ്ക്കോട് കുന്നുകളിൽ ചരൽ കലർന്ന വെട്ടുകൽമണ്ണ്, താഴ്വരകളിലെ എക്കൽമണ്ണ് എന്നിവയാൽ സമൃദ്ധമാണ്. ജലസേചനസൗകര്യങ്ങളുടെ അപര്യാപ്തത, കാർഷികവിപണനത്തിനും സംസ്ക്കരണത്തിനും നിലവിലുള്ള സംവിധാനങ്ങളുടെ അപര്യാപ്തത എന്നിവയാണ് ഈ ഭൂപ്രദേശത്തിന്റെ വികസനത്തിന് വെല്ലുവിളി ഉയർത്തുന്നത്.

400 ഹെക്ടർ സ്ഥിതി ചെയ്യുന്ന അയിലം ഭൂപ്രദേശം, കുന്നിൻ ചെരിവുകൾ, താഴ്വരകൾ, കടൽകണ്ടം എന്നിവയാൽ മനോഹരമാണ്. കുന്നിൻചെരുവുകളിലെ വെട്ടുകൽമണ്ണ്, താഴ്വരകളിലെയും നദീതടങ്ങളിലെയും മണൽകലർന്ന എക്കൽമണ്ണ് എന്നിവ ഇവിടത്തെ കാർഷികോൽപ്പാദനങ്ങളുടെ വിപണനസൗകര്യമില്ലായ്മ, രൂക്ഷമായ തൊഴിലില്ലായ്മ എന്നിവ ഈ പ്രദേശത്തിന്റെ പ്രധാനന്യൂനതകളാണ്.

500 ഹെക്ടർ വിസ്തൃതിയുള്ള ഭൂവൈവിധ്യങ്ങളുടെ കലവറയാണ് ഊരുപ്പൊയ്ക. ഇവിടെ കുന്നിൻപ്രദേശങ്ങളിൽ ചരൽമണ്ണ്, ചരൽകലർന്ന വെട്ടുകൽമണ്ണ് എന്നിവ കാണപ്പെടുന്നു. നിലവിലുള്ള കുളങ്ങൾ സംരക്ഷിച്ചും ഉയർന്ന പ്രദേശത്തെ ജലക്ഷാമം പരിഹരിച്ചും ജലസേചനതോടുകൾ പുനരുദ്ധരിച്ചും കാർഷികോൽപ്പന്ന വിപണനത്തിന് സൗകര്യമൊരുക്കിയും മണ്ണ് ജലസംരക്ഷണപ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തിയും ഇവിടത്തെ വികസനത്തിന് വിലങ്ങുതടിയാകുന്ന പ്രശ്നങ്ങൾക്ക് പരിഹാരം കാണാവുന്നതാണ്.

100 ഹെക്ടറിൽ വ്യാപിച്ചുകിടക്കുന്ന പരുത്തൂർ കളിമണ്ണ് - എക്കൽമണ്ണ് എന്നിവയാൽ സമ്പുഷ്ടമാണ്. എങ്കിലും ജലക്ഷാമം, ജലസേചനസൗകര്യത്തിന്റെ അഭാവം, യാത്രാസൗകര്യത്തിന്റെ പിന്നോക്കാവസ്ഥ എന്നിവ ജനജീവിതം ദുർഘടമാക്കുന്നു.

ജനസംഖ്യ

ചിറയിൻകീഴ് ബ്ലോക്ക് പഞ്ചായത്തിൽ ജനസംഖ്യയിൽ മുന്നിട്ടുനിൽക്കുന്ന പ്രദേശമാണ് മുദാക്കൽ ഗ്രാമപഞ്ചായത്ത്. നാനാജാതി മതസ്ഥരായ ജനങ്ങൾ പരസ്പര സാഹോദര്യത്തോടുകൂടി വസിക്കുന്ന ഭൂപ്രദേശമാണിത്. അതിൽ ഭൂരിഭാഗവും ഹൈന്ദവ വിശ്വാസികളാണ്. മുസ്ലീം ജനവിഭാഗവും വളരെ കൂടുതലാണ്. എന്നാൽ ക്രൈസ്തവർ താരതമ്യേന കുറവാണ്. പട്ടികജാതി ജനസംഖ്യ കൂടുതലുള്ള തിരുവനന്തപുരം ജില്ലയിലെ മറ്റ് പഞ്ചായത്തുകളോടൊപ്പം മുൻനിരയിൽ നമ്മുടെ പഞ്ചായത്തുമുണ്ട്. ജനസാന്ദ്രതയുടെ വർദ്ധനക്കാനുപാതികമായി നമ്മുടെ പഞ്ചായത്ത് 20 വാർഡുകളിലായി വ്യാപിച്ചുകിടക്കുന്നു. കുന്നുകളും, താഴ്വരകളും നെൽപ്പാടങ്ങളും മറ്റ് തൊഴിൽ മേഖലകളും സമ്മിശ്രമായി കിടക്കുന്ന ഇവിടത്തെ മണ്ണ് ഫലഭൂയിഷ്ഠമാണ്. ഈ ജൈവവൈവിദ്ധ്യമാകാം മറ്റ് ഭൂപ്രദേശങ്ങളിൽ നിന്നും ധാരാളം ജനങ്ങളെ ഇവിടേക്ക് ആകർഷിച്ചതും ജനസംഖ്യ വർദ്ധിച്ചതും.

2011-ലെ സെൻസസ് പ്രകാരം മുദാക്കൽ ഗ്രാമപഞ്ചായത്തിലെ ആകെ ജനസംഖ്യ 38598 ആണ്. ഇതിൽ സ്ത്രീകൾ 2081 പുരുഷൻമാർ 17787 ഉം ആകുന്നു. പട്ടികജാതി ജനസംഖ്യ 8048 ആണ് കേരളത്തിലെ സ്ത്രീപുരുഷാനുപാതം പോലെ നമ്മുടെ പഞ്ചായത്തിലും സ്ത്രീകളാണ് കൂടുതൽ. സാക്ഷരതയിലും ആയുർദൈർഘ്യത്തിലും ആരോഗ്യസ്ഥിതിയിലും നമ്മുടെ പഞ്ചായത്തിലെ വനിതകൾ അഖിലേന്ത്യാ ശരാശരിയെക്കാൾ മുന്നിലാണ്.

മുദാക്കൽ ഗ്രാമപഞ്ചായത്തിലെ മൊത്തം ജനസംഖ്യയിൽ 20% പേരും പട്ടികജാതിക്കാരാണ്. പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട ആരും തന്നെ നമ്മുടെ പഞ്ചായത്തിൽ ഇല്ല. മുദാക്കൽ ഗ്രാമപഞ്ചായത്തിലെ പട്ടികജാതി ജനസംഖ്യ 8048 ആണ്. ഇത് സംസ്ഥാന ശരാശരിയുടെ ഏകദേശം ഇരട്ടിയാണ്. 19-ാം നൂറ്റാണ്ടിന്റെ ആദ്യദശകത്തിലും 20-ാം നൂറ്റാണ്ടിന്റെ അന്ത്യ ദശകങ്ങളിലും ഇവിടെ ആധിപത്യം സ്ഥാപിച്ചിരുന്ന ജന്മിമാർ വനപ്രദേശമായിരുന്ന മുദാക്കലിലെ കൃഷിപ്പണിക്കായി വിവിധ ജനങ്ങളിൽ നിന്നും ദരിദ്രവിഭാഗത്തിൽപ്പെട്ട ജനവിഭാഗങ്ങളെ കൊണ്ടുവന്ന് അടിയാളരാക്കി പണിയെടുപ്പിച്ചിരുന്നു. ഇവരിൽ മഹാഭൂരിപക്ഷവും പട്ടികജാതിക്കാരായിരുന്നു. ഇവർ കാലക്രമേണ ഇവിടത്തെ സ്ഥിരതാമസക്കാരായി മാറി. ജനസംഖ്യയിൽ മറ്റ് പ്രദേശങ്ങളെ അപേക്ഷിച്ച് ഇക്കൂട്ടർ ഇവിടെ കൂടുതൽ ആകാനുള്ള പ്രധാനകാരണം ഇതത്രേ.

പുലവർ, ചേരമർ, കുറവർ, സിദ്ധനാർ, പരവർ, സാംബവർ, മണ്ണാൻ, വണ്ണാൻ, പരവൻ, വേലൻ, പാണൻ, തണ്ടാൻ എന്നിവരാണ് നമ്മുടെ പഞ്ചായത്തിലെ പട്ടികജാതി വിഭാഗക്കാർ. ബി.പി.എൽ സെൻസസ് പ്രകാരം നമ്മുടെ ജനസംഖ്യയിൽ കുടുംബങ്ങൾ ദാരിദ്ര്യരേഖയ്ക്ക് താഴെയാണ്. പഞ്ചായത്ത് പ്രദേശത്തെ വൃദ്ധരുടെയും വികലാംഗരുടെയും സ്ഥിതി ശോചനീയമാണ്. മന്ദബുദ്ധികളായ നിരവധി കുട്ടികളുള്ള പഞ്ചായത്താണിത്. വൃദ്ധരുടെയും വികലാംഗരുടെയും ക്ഷേമത്തിനും പുനരധിവാസത്തിനും ആയി പദ്ധതികൾ നടപ്പിലാക്കുകയാണ് പതിമൂന്നാം പഞ്ചവത്സരപദ്ധതിയുടെ ലക്ഷ്യം.

വിസ്തൃതമായ മുദാക്കൽ, ഗ്രാമപഞ്ചായത്തിൽ ജനസംഖ്യയ്ക്കാനുപാതികമായി വിദ്യാഭ്യാസ, സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ട്. ഒരു ഗവ.ഹയർസെക്കന്ററി സ്കൂൾ, ഗവ. എൽ.പി.എസുകൾ, പഞ്ചായത്ത് മനേജ്മെന്റിലുള്ള ഒരു എൽ.പി.സ്കൂൾ, പുകയിലത്തോപ്പിൽ ഒരു പട്ടികജാതി നഴ്സറി സ്കൂൾ എന്നിവയാണ് ഈ പഞ്ചായത്തിലെ പ്രധാന വിദ്യാഭ്യാസ സ്ഥാപനങ്ങൾ. ഈ സ്കൂളുകളിലെല്ലാം പിന്നോക്കം നിൽക്കുന്ന വിദ്യാർത്ഥികളെ മുൻനിരയിലേക്ക് കൊണ്ടുവരുവാനും അവരുടെ ബുദ്ധിയും ശക്തിയും കഴിവുകളും വികസിപ്പിച്ചെടുക്കാനും പ്രത്യേക പദ്ധതികൾക്ക് 13-ാം പഞ്ചവത്സരപദ്ധതി പ്രത്യേകം ഊന്നൽ നൽകിയിട്ടുണ്ട്.

സാമൂഹിക - സാംസ്ക്കാരിക - സാമ്പത്തിക അവസ്ഥ

മതമൈത്രിക്ക് മകുടോദാഹരണമായ മുദാക്കൽ ഗ്രാമപഞ്ചായത്ത് മഹത്തായ ഒരു സാംസ്ക്കാരിക പൈതൃകമുണ്ട്. ഇവിടെ പൗരാണിക ക്ഷേത്രങ്ങളുടെ ഒരു നിര തന്നെ കാണാൻ കഴിയും. ഇളമ്പ ഏറത്ത് പള്ളിയറ ഭഗവതിക്ഷേത്രത്തിൽ നടത്തിവരാറുള്ള കാളിയൂട്ട് മഹോത്സവം തിരുവനന്തപുരം ജില്ലയിൽ ഏറെ പ്രസിദ്ധമാണ്. വേണാട് രാജാക്കൻമാരെപ്പോലും നിയന്ത്രിച്ചിരുന്ന ബാഹ്യശക്തികളിൽ ഇളമ്പയിൽ പോറ്റിമാർക്ക് അതുല്യസ്ഥാനമാണ് ഉണ്ടായിരുന്നത്. ചെങ്ങന്നൂർ തായമൺ ബ്രാഹ്മണൻ കുടുംബത്തിന്റെ വകയായി പള്ളിയറ ക്ഷേത്രവും വാസുദേവപുരം ക്ഷേത്രവും കല്ലറമഠത്തോടനുബന്ധിച്ച് മുദാക്കൽ അമുന്തിരത്ത് ദേവീക്ഷേത്രവും ചെമ്പൂര് ആയിരവില്ലി ക്ഷേത്രവും ഉണ്ട്. പഞ്ചായത്തിന്റെ അയിലം ഭാഗത്ത് കുറിയിടത്തു മഠക്കാരുടെ വകയായുള്ള ക്ഷേത്രങ്ങളും ഇപ്പോൾ നിലവിലുണ്ട്. പെരുമക്കാരുടെ വകയായ പെരുമാമഠം ദേവീക്ഷേത്രം ഇന്നും അയിലത്ത് സ്ഥിതിചെയ്യുന്നു.

അയിലം ശിവക്ഷേത്രത്തിന്റെ ഐതീഹ്യങ്ങളുടെ ഭാഗമായ ഒരിക്കലും വറ്റാത്ത ഒരു ജലസ്രോതസ്സാണ് കടൽകണ്ടം. അയിലം ശിവക്ഷേത്രത്തിൽ തടിപ്പണിക്കു വന്ന ആശാരിമാർ മാസങ്ങളോളം വ്രതാനുഷ്ഠാനങ്ങളോടെ പണിചെയ്തുവരികയായിരുന്നു. പണി നിർത്തിവയ്ക്കണമെന്നും കുടുംബങ്ങളിൽ പോയി മത്സ്യം ഭക്ഷിക്കണമെന്നുമുള്ള ആഗ്രഹം അവർ പൂജാരിയെ അറിയിച്ചു. അദ്ദേഹം കടൽസൃഷ്ടിച്ച് അയലമീൻ പ്രത്യക്ഷപ്പെടുത്തി. വയലിന്റെ കുറച്ചുഭാഗം ഇന്നും ഉപ്പുരസമുള്ള കടൽകണ്ടമായി കാണപ്പെടുകയും ഈ ദേശത്ത് അയിലം എന്നു പേരുവരികയും ചെയ്തു എന്നതാണ് ഐതീഹ്യം.

കഴിഞ്ഞ നൂറ്റാണ്ടിന്റെ ആദ്യ ദശകങ്ങളിൽ വളരെ രാജകീയ പ്രൗഢിയിൽ കഴിഞ്ഞിരുന്ന മുദാക്കൽ കല്ലറമഠം, മുളയ്ക്കൽമഠം തുടങ്ങിയ ചെറുതും വലുതുമായ നിരവധി ബ്രാഹ്മണകുടുംബങ്ങൾ ഇവിടെ ആധിപത്യം സ്ഥാപിച്ചിരുന്നു. ഈ പഞ്ചായത്തിന്റെ പടിഞ്ഞാറുഭാഗത്ത് കൂടിയാണ് രാജപാത കടന്നുപോയിരുന്നത്. ബ്രിട്ടീഷുകാരുടെ പിടിയിൽ നിന്നും രക്ഷപ്പെടാൻ വേണ്ടി വേലുത്തമ്പിദളവ മണ്ണടിയിലേക്ക് നടത്തി അവസാനയാത്ര ഈ രാജപാതയിൽകൂടിയായിരുന്നു. ഈ യാത്രയിൽ അദ്ദേഹം വിശ്രമിച്ചതായി പറയപ്പെടുന്ന വഴിയമ്പലം നമ്മുടെ പഞ്ചായത്തിൽ ആനൂപ്പാറ ഇടയ്ക്കോട് എൽ.പി.എസ്സിന് സമീപം ചരിത്ര സ്മാരകമായി നിലകൊള്ളുന്നു.

കല്ലറമഠം - ഐതീഹ്യം

എട്ടുവീട്ടിൽപിള്ളമാരെ ഭയന്ന് മാർത്താണ്ഡവർമ്മ മഹാരാജാവ് കല്ലറമഠത്തിൽ അഭയം പ്രാപിക്കുകയും ആയതിന് പ്രത്യുപകാരമായി ആ മഠത്തിലുണ്ടായിരുന്ന നോക്കിയാൽ കാണാവുന്ന പ്രദേശം മുഴുവൻ കരം ഒഴിവാക്കി കല്ലറമഠത്തിന് നൽകുകയും ചെയ്തിരുന്നു എന്നതാണ് കല്ലറമഠത്തിനെപ്പറ്റിയുള്ള മറ്റൊരു ഐതീഹ്യം.

പണ്ടുകാലത്ത് വിളഞ്ഞു കിടന്നിരുന്ന നെൽപ്പാടങ്ങളിൽ അധികാരി (വില്ലേജ് ഓഫീസർ) ഒരു തുണ്ടു കടലാസ് കമ്പിയിൽ കോർത്ത് നാട്ടിയാൽ ആ നെല്ല് മുഴുവൻ നശിച്ചാലും ഉടമസ്ഥന് കൊയ്യാൻ അധികാരം ഇല്ലായിരുന്നു എന്നതായിരുന്നു പഴയകാല അധികാരം. നികുതി കുടിശിക വരുത്തിയവരെ അടി, പുളികുടിപ്പിക്കൽ, കരം ഈടാക്കൽ തുടങ്ങിയ നിർബന്ധിത പീഢനമുറകളിലൂടെ ശിക്ഷ നടപ്പാക്കി വന്നിരുന്നു.

മുൻഭരണസമിതി അംഗങ്ങൾ

1988–1995

പി.മധുകട്ടയ്ക്കാലിൽ (പ്രസിഡന്റ്)
എൻ.വാസുദേവൻപിള്ള
കെ.വാരിജാക്ഷൻ
എം.എ.സലിം
പി.സദാനന്ദൻ
ജി.ദശകുമാരകുറുപ്പ്
എൽ.സേതുക്കുട്ടി
കെ.സുഷമ
വി.സതീശൻ
സുകുമാരപിള്ള
എൻ.രാമചന്ദ്രൻനായർ

1995–2000

ഒ.എസ്.അംബിക (പ്രസിഡന്റ്)
പി.കൃഷ്ണപിള്ള
ആർ.മഹേശ്വരപിള്ള
വിജയധരൻ
പ്രസന്നശ്യാമളൻ
പി.വസുന്ധരഅമ്മ
നദീറാബീവി
മുദാക്കൽ ശ്രീധരൻ
പള്ളിയറ ശശി
എസ്.ആനന്ദൻ
ജി.ദശകുമാരകുറുപ്പ്
എസ്.മണിമോഹൻ

2000–2005

ദശകുമാരകുറുപ്പ് (പ്രസിഡന്റ്)
എ.ചന്ദ്രാബു
എ.അൻഫാർ
ആർ.ശ്രീകുമാർ
ആർ.എസ്.രാംകുമാർ
എസ്.സുജാതൻ
എസ്.മോഹനൻ
എൻ.മുരളി
പള്ളിയറ ശശി
കെ.ഷാജിരാജ്
ലീലാരാജേന്ദ്രൻ
കെ.ശോഭന
ഓമന പ്രസന്നൻ
രാധാചക്രപാണി
അനിത രാജൻബാബു
സുലോചന രാമകൃഷ്ണൻ
മധുകട്ടയ്ക്കാൽ

2005-2010

ഒ.എസ്.അംബിക (പ്രസിഡന്റ്)
എസ്.മോഹനൻ
ഇളമ്പ ഉണ്ണികൃഷ്ണൻ
കെ.എസ്.ഗീതാമണി
രമാഭായി.ആർ
മുരളി.എൻ
പള്ളിയറ ശശി
ബാബുരാജൻ
സോമൻ
എ.ചന്ദ്രബാബു
കെ.വസന്ത
ജെ.അംബികഅമ്മ
എം.എ.സലിം
ശകുന്തള പ്രശോഭനൻ
ശശാങ്കൻ
ഗോപൻ അറപ്പുര
രഘുവരൻ നായർ
വി.റ്റി.സുഷമാദേവി
പി.ഗോപിനാഥപിള്ള

2010-2015

അഡ്വ.എസ്.ലെനിൻ (പ്രസിഡന്റ്)
ഉഷാ അനിതകുമാർ
പി.കെ.സുകേശിനി
എൻ.സോമൻ
ഇളമ്പ ഉണ്ണികൃഷ്ണൻ
റഫീക്ക് എ
മിനി.എസ്
ബീന.വി
രാകേഷ്.എം.
ബാബുരാജൻ.കെ
വിജയകുമാരി.ആർ.എസ്
അനിതഹരികുമാർ
അനിത രാജൻബാബു
പി.സുരേന്ദ്രൻ
എസ്.ആർ.ബിപിൻ
ഐഷാ ഹരീഷ്
കെ.പ്രഭാകരൻനായർ
കെ.സരസ്വതി അമ്മ
ബി.സുരേഷ്കുമാർ
ലീല രാജേന്ദ്രൻ

2015-2020

വിജയകുമാരി.ആർ.എസ്
എൻ.മുരളി
അനിത രാജൻബാബു
എസ്.മോഹനൻ
വി.റ്റി.സുഷമാദേവി
സിനി.എ
മിനി.എസ്
ഗീത.ജി
ജയശ്രീ.പി.സി
സന്തോഷ്.എം
എസ്.സുജാതൻ
ഹരികുമാർ.വി
കെ.മഹേഷ്
കാർത്തിക.പി.റ്റി
സിമി.വി
ഷീബ.റ്റി.എൽ
കെ.അനിൽകുമാർ
എസ്.ഗീത
ജെ.മണിലാൽ
കെ.ആർ.അഭയൻ